**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89** **11-02-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം പ്രത്യേക ദുരന്തമായി കേരളം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം 07-03-2024 ലെ സർക്കാർ ഉത്തരവ് സ. ഉ (കൈ) നം. 4/2024/DMD പ്രകാരം “സംസ്ഥാന സവിശേഷ ദുരന്തമായി” സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബത്തിനുള്ള നഷ്ടപരിഹാരം ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (ബി) | 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ നിലവിൽ നഷ്ടപരിഹാരമായി നൽകിവരുന്നു. വനത്തിന് പുറത്ത് വച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്ത് തുടങ്ങിയവ മൂലം ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും നൽകി വരുന്നു. നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക നിലവിലെ നഷ്ടപരിഹാരരീതി ദുരന്തനിവാരണ അതോറിറ്റിയുടെ വ്യവസ്ഥകൾ എന്നിവ കൂടി കണക്കിലെടുത്ത് കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ്. |
| (സി) | മനുഷ്യ-വന്യജീവി ആക്രമണം രൂക്ഷമായ മേഖലയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും ഇപ്രകാരം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (സി) | മനുഷ്യ-വന്യമൃഗ സംഘർഷം ഏറ്റവും കൂടുതലായി കാണപ്പെടുന്ന വയനാട് ജില്ലയിലെ വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ 14 സെറ്റിൽമെന്റുകളിൽ നിന്നായി 643 കുടുംബങ്ങൾക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങളിലേക്ക് മാറി താമസിക്കുവാനായി 8000 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ “വയനാട് സ്വയം സന്നദ്ധ പുനഃരധിവാസ പദ്ധതി” നടപ്പിലാക്കി വരുന്നു. ഇതിൽ 422 അർഹതാ കുടംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുകയും അതിൽ 320 കുടുംബങ്ങൾ ഇതിനകം സംരക്ഷിത മേഖലയിൽ നിന്നും മാറുകയും ചെയ്തിട്ടുണ്ട്.<br>ഇതു കൂടാതെ RKDP ഫണ്ടും, കിഫ്ബി ഫണ്ടും |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് "നവകിരണം" എന്ന പേരിൽ ഒരു 'സ്വയം സന്നദ്ധ പുനഃരധിവാസ പദ്ധതി' നടപ്പിലാക്കി വരുന്നു. നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക നൽകി വനാന്തരങ്ങളിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളിലേക്ക് മാറ്റുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി 818 അർഹത കുടുംബങ്ങളിൽ, 684 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 134 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 112.65 കോടി രൂപ (റിബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേന 87.075 കോടിയും, കിഫ്ബി ഫേസ് II പദ്ധതി മുഖേന 25.575 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. |
| (ഡി) | വന്യജീവി ആക്രമണം തടയാൻ അയൽ സംസ്ഥാനങ്ങളുമായി സഹകരണ കരാർ ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | **മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിക്കുന്നത് പരിഹരിക്കുന്നതിനായി സഹകരണവും സജീവ ഇടപെടലുകളും സ്വീകരിക്കേണ്ടതിന്റെ നിർണായക ആവശ്യകത അംഗീകരിച്ചുകൊണ്ട് അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി 2024-ൽ രൂപീകരിക്കുകയുണ്ടായി. കേരളം, കർണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ തമ്മിലുള്ള സഹകരണവും ഘടനാപരമായ ഏകോപനവും പ്രോത്സാഹിപ്പിക്കുന്നതിനായി ഈ കമ്മിറ്റി ഒരു സമഗ്ര ചട്ടക്കൂട് നിർദ്ദേശിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി ഇടപെടലുകൾ മൂലം ഉണ്ടാകുന്ന സങ്കീർണ്ണമായ വെല്ലുവിളികൾ പരിഹരിക്കാനും, മനുഷ്യരും മൃഗങ്ങളും തമ്മിൽ യോജിപ്പുള്ള ഒരു സഹവാസം പ്രോത്സാഹിപ്പിക്കുവാനും ഇരുവിഭാഗത്തിന്റെയും ക്ഷേമം ഉറപ്പാക്കുന്നതിനും ഊന്നൽ നൽകിയാണ് അന്തർ സംസ്ഥാന ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ